II- ഇ.ബി. XII കേരള നിയമസഭ/ VIII-11

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂലായ് 9, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

35 (*331) ക്രീമിലെയർ നിശ്ചയിക്കുന്നതിനുള്ള വരുമാനപരിധി .

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാന ക്രീമിലെയർ നിർണ്ണയ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ശ്രീ. ആർ രാജേന്ദ്രബാബുവും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ജെ. സുധാകരൻ ഐ.എ.എസ്സും. പങ്കെടുത്തിരുന്നുവെന്ന് സഭയെ അറിയിച്ചു. ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ, ടി യോഗത്തിൽ ക്രീമിലെയർ നിർണ്ണയിക്കുന്നതിനുള്ള വരുമാന പരിധി എത്രവരെയാകാമെന്ന് സംസ്ഥാന കമ്മീഷനുകളുടെ അഭിപ്രായം ആരായുകയുണ്ടായി. കൂടുതൽ സംസ്ഥാനങ്ങളും 5 ലക്ഷം രൂപ വരെയാകാമെന്ന് അഭിപ്രായപ്പെ ടുകയുണ്ടായി. കേരളത്തിലെ ക്രീമിലെയർ വരുമാന പരിധി നിശ്ചയിക്കുന്ന കാര്യം സംസ്ഥാന കമ്മീഷന്റെ സജീവ പരിഗണനയിൽ ആയതിനാൽ

കൃത്യമായി ഒരു വരുമാനപരിധി നിർദ്ദേശിക്കുകയുണ്ടായില്ല. കേന്ദ്രത്തിന്റെ നിലവിലുള്ള വരുമാന പരിധി 2.5 ലക്ഷമാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പിന്നോക്കവിഭാഗങ്ങളിലെ ക്രീമിലെയർ നിശ്ചയിക്കുന്നതിനായി 1-3-07-ൽ നിശ്ചയിച്ച ജസ്റ്റീസ് ആർ. രാജേന്ദ്ര ബാബു കമ്മീഷൻ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു നടപ്പാക്കിയിട്ടുള്ള 2.5 ലക്ഷം രൂപ താൽക്കാലികമായി നിശ്ചയിച്ച് 7-8-2007 ൽ ഒരു ഇടക്കാല റിപ്പോർട്ട് സംസ്ഥാന സർക്കാരിനു സമർപ്പിക്കുകയും അത് സർക്കാർ അംഗീകരിച്ച് 25-08-2007-ലും 3-1-2008-ലും ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ക്രീമിലെയർ പരിധി നിർണ്ണയിക്കുന്നതിനുള്ള വാർഷിക വരുമാനം കണക്കാക്കുമ്പോൾ കാറ്റഗറി VI-ൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ മാതാപിതാക്കളുടെ ശമ്പളത്തിൽ നിന്നുള്ള വരുമാനമോ കൃഷിഭൂമിയിൽ നിന്നുള്ള വരുമാനമോ പരിഗണിക്കാൻ പാടില്ല എന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉണ്ടെങ്കിൽ അവർ ക്രീമിലെയർ പരിധിയിൽ വരുന്നതാണ്. വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ക്രീമിലെയർ കാറ്റഗറി നിശ്ചയിച്ചിരിക്കുന്നത്. ക്ലാസ് III, ക്ലാസ് IV ജീവനക്കാരാണ് ക്രീമിലെയർ കാറ്റഗറി VI-ൽ വരുന്നത്. സംസ്ഥാന ക്രീമിലെയർ നിർണ്ണയ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രത്യേക കാലയളവ് നിശ്ചയിച്ചിരുന്നുവെങ്കിലും പിന്നോക്കവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച സാമ്പത്തിക-വിദ്യാഭ്യാസ-ആന്ത്രോപ്പോളജിക്കൽ പഠനം അനിവാര്യമായതിനാൽ റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം നേരി

ടുന്നുണ്ട്. ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ റവന്യൂ വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ പ്രാബല്യം രണ്ടുവർഷമായി വർദ്ധിപ്പിക്കുന്ന കാര്യവും കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലേയും പൊതുമേഖലാസ്ഥാപന ങ്ങളിലേയും നിയമനത്തിന് ഒരേ സർട്ടിഫിക്കറ്റ് തന്നെ ഉപയോഗിക്കാൻ കഴിയുമോയെന്നുള്ള കാര്യവും പരിശോധിക്കുന്നതാണ്. മേസൺ, ആശാരി, പരമ്പരാഗത തൊഴിലാളികൾ, മൽസ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാ ളികൾ എന്നീ വിഭാഗങ്ങളെ വരുമാനം നോക്കാതെ ക്രീമിലെയർ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പിന്നോക്ക വിഭാഗത്തിൽ ക്രീമിലെയർ ഇല്ലെന്ന പൊതുതത്വമാണ് സംസ്ഥാനം സ്വീകരിച്ചിരുന്നത്. എന്നാൽ അതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സർവ്വേ നടത്തുമ്പോൾ അനാവശ്യമായ പ്രശ്നങ്ങൾ ഉണ്ടാകുമെന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രണ്ട് പ്രാവശ്യം നിശ്ചയിച്ച കമ്മീഷനുകളുടെ റിപ്പോർട്ട് വേണ്ടെന്ന് തീരുമാനിക്കുകയാണുണ്ടായത്. തുടർന്ന്, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സോഷ്യോ ഇക്കണോമിക് സ്റ്റഡി അനിവാര്യമാണെന്ന് കാണുകയും അതിന്റെ അടിസ്ഥാനത്തിൽ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടു മെന്റിനെ 3-4-07-ൽ അതിനുവേണ്ടി ചുമതലപ്പെടുത്തുകയും ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉദ്യോഗസംവരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുഖ്യമന്ത്രി തലത്തിൽ ഓരോ വർഷവും റിവ്യൂ നട ത്തുന്നുണ്ട്. അതോടൊപ്പം ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം രൂപീകരിച്ച എസ്.സി/എസ്.ടി. കമ്മീഷനും ഈ കൃത്യം നിർവ്വഹിക്കുന്നുണ്ട്.

ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ പാക്കേജിൽ മുന്നോക്ക സമുദായ ത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് 10 ശതമാനം സംവരണം കൊടുക്കണ മെന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ്, പ്രൊഫ ഷണൽ കോളേജുകളിലെ പ്രവേശനത്തിൽ ഈ വിഭാഗത്തിന് 10 ശതമാനം സംവരണം അനുവദിക്കണമെന്ന് പറഞ്ഞ് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 24-7-07-ൽ ഉത്തരവ് വന്നിട്ടുണ്ട്. എ.പി.എൽ/ബി.പി.എൽ. വിഭാഗത്തിന് പ്രത്യേകം ക്രീമിലെയർ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള ഒരു സ്ഥിരം സംവിധാനത്തെക്കുറിച്ച് ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. കേന്ദ്ര പിന്നോക്ക കമ്മീഷൻ കേന്ദ്ര ഗവണ്മെന്റിന് നൽകിയ ശുപാർശയിൽ ക്രീമിലെയർ വരുമാനപരിധി 4.5 ലക്ഷം രൂപയാണ് പറഞ്ഞിട്ടുള്ളത്. കേരളാ ഗവണ്മെന്റ് 2.5 ലക്ഷം രൂപയായാണ് വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. ഇത് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സമഗ്രമായ പരിശോധ നയ്ക്കുശേഷം മാത്രമേ സംസ്ഥാന കമ്മീഷന് നിഗമനത്തിൽ എത്താൻ കഴി യുകയുള്ളൂവെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

36(*332) വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കെട്ടിക്കിടക്കുന്ന പഴക്കം ചെന്ന വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും പുതിയ കേസുക ളുടേയും അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിച്ചു വരുന്നതായി സഭയെ അറിയിച്ചു. വിജിലൻസ് ആന്റ് ആന്റി

കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന അഴിമതി കൂടുതലുള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നവീകരണത്തിന്റെ ഭാഗമായി 2006-07-ൽ 14 പുതിയ വാഹനങ്ങളും 2007-08-ൽ 26 പുതിയ വാഹനങ്ങളും നൽകുകയുണ്ടായി. സംസ്ഥാനത്തെ വിജിലൻസ് കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിന് കോട്ടയം ആസ്ഥാനമാക്കി ഒരു വിജിലൻസ് കോടതി കൂടി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. എല്ലാ ജില്ലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫീസുകളിലേയ്ക്കും ഫാക്സ് യന്ത്രങ്ങൾ വാങ്ങുകയും ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയുമാണ്. പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനു മാത്രമായി നാലു ഡെഡിക്കേറ്റഡ് ടെലിഫോൺ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. വിജിലൻസിന്റെ ഇ.മെയിൽ അഡ്രസ് വഴി പൊതുജനങ്ങൾക്ക് പരാതി നൽകാനുള്ള സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. അന്വേഷണത്തിലിരിക്കുന്ന വിജിലൻസ് കേസുകളുടെ എണ്ണം 2006 മാർച്ച് 31-ന് 513 ആയിരുന്നത് 2007 മാർച്ച് 31-ന് 485 ആയും 2008- മാർച്ച് 31-ന് 417 ആയും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2005-2006-ൽ 127-ഉം 2006-2007-ൽ 156-ഉം 2007-2008-ൽ 198-ഉം വിജിലൻസ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 2005-2006-ൽ 39-ഉം 2006-2007-ൽ

38-ഉം 2007-2008-ൽ 21-ഉം ട്രാപ്പ് കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 2005-2006-ൽ 90-ഉം 2006-2007-ൽ 76-ഉം 2007-2008-ൽ 101-ഉം വിജിലൻസ് കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പിൽ പ്രഗൽഭരും അഴിമതിരഹിതരുമായ ഉദ്യോഗസ്ഥരെയാണ് ഇപ്പോൾ നിയമിച്ചുവരുന്നത്. അവർക്ക് നിലവിൽ 6 ശതമാനം ഇൻസെന്റീവ് കൊടുക്കുന്നുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റുമായി 1094 പേരാണ് വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിക്കുന്നത്. ഈ സംവിധാനത്തിൽ മാറ്റം വരുത്തി 50 ശതമാനം തസ്തികകളിൽ ഡയറക്ട് റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തണമെന്നുള്ള ജസ്റ്റീസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശ ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ശേഷിച്ച 50 ശതമാനം ആളുകളെ ഡെപ്യൂട്ടേഷനിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് നിയമിക്കുന്ന കാര്യം എങ്ങനെ നടപ്പാക്കാൻ പറ്റുമെന്നതും പരിശോധിക്കുന്നതാണ്. കേസ്സുകൾ കൈകാര്യം ചെയ്യുന്നതും അന്വേഷണ മേൽനോട്ടം വഹിക്കുന്നതും ഇൻസ്പെക്ടർമാരും ഡിവൈ.എസ്.പി-മാരുമാണ്. വിജിലൻസ് കേസ്സുകളുടെ അന്വേഷണ റിപ്പോർട്ടുകൾ മലയാളത്തിൽ തയ്യാറാക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്. തൃശൂർ ജില്ലാ സഹകരണബാങ്കിൽ 2005-06 -ലെ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. സുനാമി ഫണ്ട് ദുരുപയോഗം സംബന്ധിച്ച പരാതികൾ അന്വേഷിക്കാനായി അതാത് ജില്ലകളിൽ നിന്ന് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ട്രാപ്പ് കേസ്സുകൾ കൈകാര്യം ചെയ്യാൻ ആധുനിക ശാസ്ത്രസാ

ങ്കേതിക വൈദഗ്ദ്ധ്യവും ഡിജിറ്റൽ ക്യാമറയും ഉപയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ പരിശീലനം നൽകിയതിന്റെ പേരിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അന്നത്തെ എസ്.സി/എസ്.ടി. ഡയറക്ടറെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കാൻ വ്യവസ്ഥകളില്ലാത്തതിനാൽ ഇതിലേയ്ക്കായി പ്രത്യേകമായ ഒരു ട്രസ്റ്റ് ആക്ട് കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് വിജിലൻസ് കേസ്സുകളിൽപ്പെട്ടയാളുകളെ നിയമിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. വിജിലൻസ് അന്വേഷണം നടത്തേണ്ട കേസ്സുകൾ സംബന്ധിച്ച് ഒരു മാനദണ്ഡം നിശ്ചയിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് ആവശ്യമായ ക്രമീകരണമുണ്ടാക്കി വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം പുനഃക്രമീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

37 (*333) <u>രാജീവ്ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും 31-03-2005-ൽ ലഭിച്ചിരുന്നുവെന്ന് സഭയെ അറിയിച്ചു. ഇതിൽ ഇടുക്കി ജില്ലയിൽ ഈ പദ്ധതി പ്രകാരം വൈദ്യുതീകരണം നടത്തുന്നതിനുള്ള അനുമതിയും, ആദ്യ ഗഡുവായ 5.12 കോടി രൂപയും ലഭിച്ചു. അതിൻപ്രകാരം വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരികയാണ്.

എന്നാൽ 02-06-2008-ൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച അറിയിപ്പനുസരിച്ച് കേരളത്തിലെ ആർ.ജി.ജി.വി.വൈ. പദ്ധതികൾ നിർത്തിവയ്ക്കുകയും ഇടുക്കിയൊഴിച്ചുള്ള ജില്ലകളെ പതിനൊന്നാം പദ്ധതിയിലെ ആർ.ജി.ജി.വി. വൈ. രണ്ടാം ഘട്ടത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഇടുക്കിയൊഴിച്ചുള്ള ജില്ലകളിലെ പദ്ധതികൾ ഉടനടി നടപ്പാക്കാൻ കഴിയുന്നതല്ല. ഇടുക്കി ജില്ലയിൽ പദ്ധതി പ്രകാരം വൈദ്യുതീകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല ഹൈദ്രാബാദിലെ ഐ.സി.എസ്.സി (ഇൻഡ്യ) ലിമിറ്റഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ ആറ് ജില്ലകൾക്കു വേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിനും ടേൺകീ ടെണ്ടർ വിളിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള ചുമതല എൻ.റ്റി.പി.സി. ഇലക്ട്രിക് സപ്ലൈ കമ്പനി ലിമിറ്റഡിനെ ഏൽപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച അറിയിപ്പനുസരിച്ച് ഈ ജില്ലകളിലെ പ്രവർത്തനം അനിശ്ചിതത്വത്തിലാണ്. തെക്കൻ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാനുള്ള തത്വത്തിലുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ 02-06-08-ലെ കേന്ദ്ര സർക്കാരിൽ നിന്നുള്ള അറിയിപ്പനുസരിച്ച് തെക്കൻ ജില്ലകളിലെ ആർ.ജി.ജി.വി.വൈ. പദ്ധതികളും അനിശ്ചിതത്വത്തിലാണ്. ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ കേരളത്തിലെ ഏകദേശം നാല് ലക്ഷത്തോളം ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ സാധിക്കുമായിരുന്നു. . ഇതിൽ 2 ലക്ഷത്തോളം വീടുകൾ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന കുടുംബങ്ങളുടേതാണ്. ആർ.ജി.ജി.വി.വൈ. പദ്ധതിപ്രകാരം മൊത്തം 438 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരുന്നത്. രണ്ട് ഘട്ടമായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന ഈ പദ്ധ

തിയുടെ . ആദ്യഘട്ടത്തിൽ മലബാർ പ്രദേശങ്ങളും ഇടുക്കിയുമാണ് വരുന്നത്. വൈദ്യുതീകരിക്കാത്ത 3578 കരകൾ വൈദ്യുതീകരിക്കുന്നതിനും 25 സബ്സ്റ്റേഷനുകൾക്കുമായി 438.30 കോടി രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിരുന്നത്. ഈ പദ്ധതി നടപ്പാക്കാൻ കേന്ദ്രഗവണ്മെന്റ് മുൻഗണന കൊടുക്കുന്നത് വൈദ്യുതീകരിക്കാത്ത ഗ്രാമങ്ങൾക്കും കടലോരപ്രദേശങ്ങൾക്കുമാണ്. കേരളത്തിന് തടസ്സമായിട്ട് നിൽക്കുന്ന നിബന്ധന മാറ്റിയെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വന്നതുമൂലം നിലവിലുള്ള മിനിമം ഗ്യാരന്റി പദ്ധതികൾ നടപ്പാക്കുന്നതിന് യാതൊരു തടസ്സവുമില്ല. എം.പി.ഫണ്ട്, എം.എൽ.എ.ഫണ്ട്, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പ്ളാൻ ഫണ്ട്, കെ.എസ്.ഇ.ബി.-യുടെ സാമ്പത്തികസഹായം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമാണ് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി ആലപ്പുഴ, കണ്ണൂർ, തലശ്ശേരി, കോട്ടയം, ചേലക്കര തുടങ്ങിയ മണ്ഡലങ്ങളെല്ലാം സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ പോകുകയാണ്. കഴിഞ്ഞ രണ്ടു വർഷം കൊണ്ട് സംസ്ഥാനത്താകെ 9,61,511 വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്. ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ ഏറ്റെടുത്ത വർക്കുകൾക്ക് കേന്ദ്രഗവണ്മെന്റിൽ നിന്നും ഫണ്ട് കിട്ടാത്തതിനാൽ കെ.എസ്.ഇ.ബി. ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന ശേഷം 3628 കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കുകയും 4679 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 31 സബ്സ്റ്റേഷനുകൾ ആരംഭിക്കു

കയും ചെയ്തിട്ടുണ്ട്. പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനായി കെ.എസ്.ഇ.ബി. ഒരു പുതിയ സ്കീം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആർ.ജി.ജി.വി.വൈ. പദ്ധതിയിലേയ്ക്ക് കൺവെർട്ട് ചെയ്യപ്പെട്ട പേരാവൂർ മണ്ഡലത്തിലെ എം.ജി.വർക്കുകൾ തിരികെ എം.ജി. വർക്കുകളായി കണക്കാക്കി പൂർത്തിയാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ ഗവണ്മെന്റ് വന്നശേഷം ട്രാൻസ്മിഷൻ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 1800 കോടി രൂപയുടെ ട്രാൻസ്മിഷൻ പദ്ധതിയ്ക്കാണ് രൂപം കൊടുത്തിട്ടുള്ളത്. ഈ സാമ്പത്തികവർഷം 70 സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പീരുമേട് മണ്ഡലത്തിലെ ആർ.ജി.ജി.വി.വൈ പദ്ധതികളും വാഗമൺ ഉപ്പുതറ സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. ഉപഭോക്തൃ സംതൃപ്തി ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ ജീവനക്കാരുടെ സഹകരണത്തോടുകൂടി ചെയ്യുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

38 (*334) ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ കേരളത്തിൽ നടപ്പാക്കിവരുന്നതായി സഭയെ അറിയിച്ചു.

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം പദ്ധതി ചെലവ് 75 ശതമാനം കേന്ദ്രവും 25 ശതമാനം സംസ്ഥാനവും വഹിക്കുന്നു. ചാക്ക, കൊല്ലം, ഏറ്റുമാനൂർ, കളമശ്ശേരി,

ചാലക്കുടി എന്നീ ഐ.ടി.ഐ.കളാണ് ഈ പദ്ധിയിൻകീഴിൽ വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഓരോ ഐ.ടി.ഐയ്ക്കും 1.60 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 2008 -09 -ൽ അവസാനിക്കും.

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി 2006-2007-ൽ ആരംഭിച്ചതാണ്. അഞ്ചു വർഷംകൊണ്ട് പൂർത്തിയാക്കുന്ന ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള ഓരോ ഐ.ടി.ഐ.ക്കും 3 കോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള തുക സംസ്ഥാനം വഹിക്കുകയും ചെലവാക്കൽ സംബന്ധിച്ച രേഖകൾ നൽകുന്ന മുറയ്ക്ക് ചെലവാകുന്ന തുകയുടെ 75 ശതമാനം കേന്ദ്ര സർക്കാർ മുഖേന ലോക ബാങ്കിൽനിന്നും ലഭ്യമാക്കുകയും ചെയ്യും. ധനുവച്ചപുരം, കൊല്ലം (വനിത), പള്ളിക്കത്തോട്, മലമ്പുഴ എന്നീ ഐ.ടി.ഐ.കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൻ കീഴിൽ ആറ്റിങ്ങൽ, ചെങ്ങന്നൂർ, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നീ ഐ.ടി.ഐ.കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പ് ഇൻഡസ്ട്രിയൽ പാർട്ട്ണർ ചെയർമാനായുള്ള ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി മുഖാന്തിരമാണ് നടത്തുന്നത്. ഇത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ ഐ.ടി.ഐ. സൊസൈറ്റിക്കും 2.50 കോടി രൂപവീതം പലിശരഹിത വായ്പയായി നേരിട്ട് നൽകിയിട്ടുണ്ട്. 30 വർഷംകൊണ്ട് വയ്പാ തുക തിരിച്ചടയ്ക്കേണ്ട പദ്ധതിയാണിത്. പദ്ധതി ആരംഭിച്ച് 11-ാം വർഷം മുതൽ തിരിച്ചടച്ചാൽ മതിയാകും. സൊസൈറ്റി തന്നെയാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്.

ടി പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ പഠിക്കുന്നവർക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഐ.ടി.ഐ.കളിലും ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന പരിശീലനാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ

ഉറപ്പാക്കുന്നതിനുള്ള നടപടികൾ പ്രസ്തുത കമ്മിറ്റികൾ സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കായി എല്ലാ ഐ.ടി.ഐ.കളിലും പ്ലേസ്മെന്റ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 9 ഐ.ടി.ഐ.-കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട 335 മുതൽ 360 വരെയുള്ള (26) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2687 മുതൽ 2968 വരെയുള്ള ചോദ്യങ്ങളിൽ 186 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ ഉത്തരം നൽകി)